13798
6/9/16

**കേരള സർക്കാർ**

സാമൂഹ്യനീതി വകുപ്പ്- കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ഫിനാൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ(എം.എസ്) നം.47/2016/സാനീവ തീയതി, തിരുവനന്തപുരം. 5.9.2016

പരാമർശം: 1. സ.ഉ.(എം.എസ്) നം.56/2008/സാക്ഷേവ തീയതി 14.1.2008.
2. സ.ഉ.(എം.എസ്) നം.38/2013/സാനീവ തീയതി 6.5.2013.
3. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.1.2016 തീയതിയിലെ 5180/എ 1/13/കെ.എസ്.എസ്.എം നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുണ്ടെന്നും 150 കോടിയിലധികം രൂപയുടെ പദ്ധതികൾ ഓരോ സാമ്പത്തിക വർഷവും കൈകാര്യം ചെയ്യുന്ന മിഷനിൽ നിലവിൽ അഡ്മിനിസ്ട്രേറ്റീവ് കം അക്കൗണ്ട്സ് ഓഫീസർ തസ്തിക മാത്രമാണുള്ളതെന്നും അതിനാൽ ഒരു ഫിനാൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷനിൽ നിയമിക്കണമെന്നും കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശത്തിലെ കത്തിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം ഒരു ഫിനാൻസ് ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിനും ടി തസ്തികയിലേക്ക് ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എ. ഷാജഹാൻ**

ഗവൺമെന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(WW1/122/2016-FIN പ്രകാരം)
പൊതുഭരണ ( എസ്. സി) വകുപ്പ്
ഇൻഫർമേഷൻ ആൻറ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്

വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

842592

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 31-08-2016.

ഫയൽ നം.1247/സി2/2016/സാ.നീ.വ. ഇനം നം: 251

വിഷയം : സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ഫിനാൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സർക്കാരിന്റെ വിവിധ പദ്ധതികൾ സമയബന്ധിതമായി ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്ന സ്ഥാപനമാണ് സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ. മിഷനിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുണ്ടെന്നും 150 കോടിയിലധികം രൂപയുടെ പദ്ധതികൾ ഓരോ സാമ്പത്തിക വർഷവും കൈകാര്യം ചെയ്യുന്ന മിഷനിൽ നിലവിൽ അഡ്മിനിസ്ട്രേറ്റീവ് കം അക്കൗണ്ട്സ് ഓഫീസർ തസ്തിക മാത്രമാണുള്ളതെന്നും അതിനാൽ ഒരു ഫിനാൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷനിൽ നിയമിക്കണമെന്നും കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയച്ചപ്പോൾ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെട്ടു;

"കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി റാങ്കിലുള്ള ഒരു ഫിനാൻസ് ഓഫീസറുടെ തസ്തിക ബഹു.മുഖ്യമന്ത്രിയുടെ അനുമതിക്ക് വിധേയമായി മന്ത്രിസഭയുടെ അംഗീകാരത്തോടെ സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുന്നു.

ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

2. ഇക്കാര്യം മന്ത്രിസഭായോഗ തീരുമാനത്തിനായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

### തീരുമാനിക്കേണ്ട വിഷയം

കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ഒരു ഫിനാൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് ധനകാര്യ വകുപ്പിൽ നിന്ന് അണ്ടർ സെക്രട്ടറി തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകാമോ?